# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ഏപ്രിൽ 4

# വാർത്താക്കുറിപ്പ്

---

## പി.ജി. പ്രവേശന പരീക്ഷ മാറ്റി

മഹാത്മാ ഗാന്ധി സർവകലാശാലയുടെ വിവിധ പഠനവകുപ്പകളിലെയും ഇന്റർ സ്കൂൾ സെന്ററിലെയും പി.ജി. പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായി ഏപ്രിൽ 25, 26 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന പ്രവേശന പരീക്ഷ കൊറോണ വൈറസ് (കോവിഡ് 19) വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ മാറ്റിവച്ചു. ഓൺലൈൻ രജിസ്ട്രേഷന്റെ അവസാന തീയതിയടക്കമുള്ള പുതുക്കിയ സമയക്രമം പിന്നീട് അറിയിക്കും. വിശദവിവരം cat.mgu.ac.in, admission.mgu.ac.in (എം.ബി.എ. സംബന്ധിച്ച്) എന്നീ വെബ്സൈറ്റുകളിൽ ലഭിക്കും.

(പി.ആർ.ഒ/39/453/2020)

## വാർഷിക അവധി പുനഃക്രമീകരിച്ചു

2020 മാർച്ച് 24 മുതൽ ഏപ്രിൽ 14 വരെ കേന്ദ്രസർക്കാർ രാജ്യവ്യാപകമായി ലോക്ക്ഡൗൺ പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ മഹാത്മാ ഗാന്ധി സർവകലാശാല പഠനവകുപ്പുകളുടെ വാർഷിക അവധി 2020 മെയ് 15 വരെയായി പുനഃക്രമീകരിച്ചു. വാർഷിക അവധിക്കുശേഷം അടുത്ത അധ്യയന വർഷത്തേക്കായി മെയ് 18 മുതൽ സർവകലാശാല പഠനവകുപ്പുകൾ തുറന്നുപ്രവർത്തിക്കുമെന്ന് വൈസ് ചാൻസലർ അറിയിച്ചു.

(പി.ആർ.ഒ/39/454/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ